സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, നിലയ്ക്കൽ ശബരിഭവനകളുടെ നിർമ്മാണം, പ്രസാദം കോംപ്ലക്സ്, ക്യൂ കോംപ്ലക്സ്, റോപ്പ്വേ, നിലയ്ക്കൽ പാർക്കിംഗ് ഏരിയ, അന്നദാനമണ്ഡപം, നിലയ്ക്കൽ ചെക്ക് ഡാം, നിലയ്ക്കൽ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം, പമ്പയിൽ സർവ്വീസ് റോഡ്, നടപ്പാതയുടെ മേൽക്കൂര, നിലയ്ക്കലിൽ കുടിവെള്ള സംഭരണ ടാങ്ക് എന്നീ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ചെയ്യാനുദ്ദേശിക്കുന്നവയാണ്. നിലയ്ക്കലിൽ പാർക്കിംഗ് ഏരിയ വിപുലീകരണം, ഉൾറോഡുകളുടെ നിർമ്മാണം, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ, വാട്ടർ റിസർവോയർ എന്നീ പ്രവൃത്തികൾ സീസണിനുമുമ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ശബരിമലയിൽ വലിയ നടപ്പന്തലിന്റെ പുനഃനിർമ്മാണം, താഴെ തിരുമുറ്റം വിപുലീകരണം, പ്രസാദ കോംപ്ലക്സ് പുനർവിന്യാസം, ചന്ദ്രാനന്ദൻ റോഡിലേക്കുള്ള പാലത്തിന്റെ നിർമ്മാണം എന്നിവ സീസണിനുമുമ്പ് ഉദ്ദേശിക്കുന്നു.

(സി) 2050-ാം മാണ്ടോടുകൂടി പൂർത്തിയാക്കാൻ കഴിയുന്ന ദീർഘകാല പദ്ധതി നിർദ്ദേശങ്ങളാണ് മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളത്.

തെരുവുനായ്ക്കളുടെ ശല്യത്തിന് പരിഹാരം

28(*58) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ.. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും പരിഹാര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ ;

(സി) നിരവധി വിദേശികൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികൾക്ക് നായകളുടെ കടിയേറ്റ സാഹചര്യത്തിൽ സംസ്ഥാനത്തെ വിനോദ സഞ്ചാരമേഖലയ്ക്ക് തിരിച്ചടിയുണ്ടാവുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പരിഹാര നടപടികൾ ആലോചിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) തെരുവുനായ്ക്കളുടെ കടിയേൽക്കുന്നവർക്ക് ചികിത്സയ്ക്ക് വേണ്ട സഹായം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ;

(ഇ) ആശുപത്രികളിൽ അത്തരക്കാർക്ക് സൗജന്യ ചികിത്സയും പേവിഷബാധയ്ക്കെതിരെ കുത്തിവയ്പും നൽകാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തെരുവ് നായ്ക്കളെ കൊല്ലുന്നത് ബഹു.സുപ്രീം കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിച്ച് പ്രജനനം തടയുകയും, പേവിഷ ബാധയ്ക്ക് കുത്തിവയ്പ് നൽകുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചു വരുന്നത്. കേന്ദ്ര സർക്കാരിന്റെ 2011-ലെ Animal birth Control(Dogs)Rules പ്രകാരം അനിമൽ വെൽഫെയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ/ആന്റി റാബീസ് പ്രോഗ്രാം നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കുന്നതാണ്. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ ആവിഷ്കരിച്ചിരിക്കുന്ന പ്രസ്തുത പ്രോഗ്രാമിന്, ബോർഡുമായി വേണ്ടുന്ന കരാറിലേർപ്പെട്ട് ധനസഹായം നേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽ വരുത്തുവാനും പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗ സംരക്ഷണ വകുപ്പിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ഒറ്റപ്പെട്ട സംഭവങ്ങൾ വിനോദ സഞ്ചാരമേഖലയെ ബാധിക്കുമെന്ന് കരുതുന്നില്ല.

(ഡി&ഇ) പേവിഷബാധ ബാധിതർക്കാവശ്യമായ ഐ.ഡി.ആർ.വി./ എ.ആർ.വി. മരുന്നുകൾ ആരോഗ്യ വകുപ്പ് മുഖേന സർക്കാർ സൗജന്യമായിട്ടാണ് വിതരണം ചെയ്യുന്നത്. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

തീർത്ഥാടന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി

29(*59) ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. കെ. സി. രാജഗോപാലൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ടൂറിസം വകുപ്പുമായി സഹകരിച്ച് തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) തീർത്ഥാടന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ദേവസ്വം വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ :

(സി) അകലെനിന്നും എത്തുന്ന തീർത്ഥാടകരുടെ സൗകര്യാർത്ഥം പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട താമസ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly